കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ് എ ഐ ഡി കെ 7-1013/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ് എ ഐ ഡി കെ 7-1013/22 തീയ്യതി: 30/07/2022

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2022 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	04-07-2022	13-07-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
04-07-2022	13-07-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിലാഷ് എം.കെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോമോൻ ഫ്രാൻസീസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നീസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി റ്റി ആർ ബിജി	പ്രസിഡന്റ്	01-04-2020	29-11-2020
ഭരണ നിർവ്വഹണ കമ്മറ്റി	പ്രസിഡന്റ്	30-11-2020	29-12-2020
ശ്രീമതി മഞ്ജു ബിജു	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ സതീഷ് കുമാർ പി കെ	സെക്രട്ടറി	01-04-2020	31-07-2020
ശ്രീമതി ബിന്ദു ബി.നായർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-08-2020	05-08-2020
ശ്രീ. ശ്രീധരൻ എ.	സെക്രട്ടറി	06-08-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**

ശ്രീമതി പുഷ്പലത എൻ ആർ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീമതി ജയന്തി കുമാർ	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി കരുണ കേശവൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2020	31-03-2021
ശ്രീമതി ബിന്ദു ബി നായർ	അസിസ്റ്റൻറ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീ ജൂഡിൻ ജോൺ ചാക്കോ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2020	31-03-2021
ശ്രീ.ഷാജി കെ.പി.	അസിസ്റ്റന്റ് എൻജിനീയർ	01-04-2020	31-03-2021
ഡോ.മിഥുൻ കെ.	മെഡിക്കൽ ഓഫീസർ (പി. എച്ച് സി)	01-04-2020	31-03-2021
ഡോ. അമ്പിളി എം.കെ.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	31-03-2021
ഡോ.രഹിന വി.കെ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	31-03-2021
ഡോ. അനുഷ സലി	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീ. സാബു എം. എസ്.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ശ്രീ. മഹേഷ് കുമാർ എസ്.വി.	ഹെഡ്മാസ്റ്റർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 27-07-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-2
3	ഗ്രാന്റ് യൂട്ടിലൈസേഷൻ Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 27-07-2022)	1-3
4	പദ്ധതി അവലോകനം Written By: M.K.Abhilash (Asst. Audit Officer, On 05-07-2022) Last Updated By: Shyni M.R (Computer Assistant, On 27-07-2022)	1-4
5	തൊഴിലുറപ്പ് പദ്ധതി Written By: T.S.Dhanajayan (Audit Officer, On 11-07-2022) Last Updated By: Shyni M.R (Computer Assistant, On 27-07-2022)	1-5
6	ക്യാഷ് പരിശോധന Written By: T.S.Dhanajayan (Audit Officer, On 11-07-2022) Last Updated By: Shyni M.R (Computer Assistant, On 27-07-2022)	1-6
7	ക്ഷേമ പദ്ധതികൾ Written By: M.K.Abhilash (Asst. Audit Officer, On 05-07-2022) Last Updated By: Shyni M.R (Computer Assistant, On 27-07-2022)	1-7
8	ആഭ്യന്തരനിയന്ത്രണം Written By: T.S.Dhanajayan (Audit Officer, On 11-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-8
9	വാർഷിക കണക്കിലെ അപാകതകൾ Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-9
10	ഐ.എൽ.ജി.എം.എസിൽ മാനുവൽ രസീത് ബുക്കുകളുടെ വിവര ക്രമീകരണം അപൂർണം Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-10
11	വാടകക്കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-11
12	വസ്തു നികുതി നിർണയിച്ച് ഈടാക്കുന്നതിൽ അപാകത. Written By: DENNIS JOSEPH (Auditor, On 12-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-12
13	ഓഡിറ്റ് ഇംപാക്ട് - ലൈസൻസ് അപേക്ഷയിലെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണയിച്ച് ഈടാക്കി Written By: DENNIS JOSEPH (Auditor, On 09-07-2022) Last Updated By: Shyni M.R (Computer Assistant, On 28-07-2022)	1-13
14	ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി നിശ്ചയിച്ച നിരക്കിൽ ഈടാക്കി Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-14
15	സേവനപുസ്തകം ഇല്ലാതെ സേവനാനുകൂല്യങ്ങൾ നല്കി Written By: M.K.Abhilash (Asst. Audit Officer, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	1-15
16	മണൽ വാരൽ- അളവ് പരിശോധിക്കുന്നില്ല Written By: M.K.Abhilash (Asst. Audit Officer, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-16
17	മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-17
18	മരണശേഷവും ഗുണഭോക്താക്കൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ അനുവദിച്ചു Written By: M.K.Abhilash (Asst. Audit Officer, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-18
19	തൊഴിലുറപ്പ് പദ്ധതി സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ- നിരക്കുകൾ നൽകിയതിലെ അപാകതകൾ Written By: T.S.Dhanajayan (Audit Officer, On 14-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-19
20	സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചി വിതരണം Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	1-20

21	നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. Written By: T.S.Dhanajayan (Audit Officer, On 14-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	1-21
22	ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	1-22
23	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ Written By: M.K.Abhilash (Asst. Audit Officer, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	1-23
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-1
2	സംയുക്ത പദ്ധതികൾ Written By: Jomon Francis (Senior Grade Auditor, On 13-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: M.K.Abhilash (Asst. Audit Officer, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-3
4	മോബിലൈസേഷൻ അഡ്വാൻസ് Written By: M.K.Abhilash (Asst. Audit Officer, On 29-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: M.K.Abhilash (Asst. Audit Officer, On 05-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-5
6	സ്ഥിരനിക്ഷേപം Written By: M.K.Abhilash (Asst. Audit Officer, On 05-07-2022) Last Updated By: Shyni M.R (Computer Assistant, On 21-07-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 21-07-2022)	4-7
8	സമാഹൃത ഓഡിറ്റ് Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 29-07-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: T.S.Dhanajayan (Audit Officer, On 11-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: DENNIS JOSEPH (Auditor, On 08-07-2022) Last Updated By: Shyni M.R (Computer Assistant, On 30-07-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

18.02.2020 ലെ 1-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹2138785/- മുന്നിരിപ്പും ₹251760000/- വരവും ₹252087400/- ചെലവും ₹1811385/- നീക്കിയിരിപ്പും ഉള്ള 2020-21 ലെ ബജറ്റ് 11.03.2020ലെ 1(1) നം. തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	29-10-2021	-	-

2020-21 സാമ്പത്തികവർഷം ILGMS നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്‌വെയറിലേയ്ക്ക് ഇ-സബ്മിറ്റ് ചെയ്യുന്നതിന് സാങ്കേതിക തടസം നേരിട്ടതിനാൽ വാർഷിക കണക്കുകൾ ഇ-മെയിൽ മുഖേന ലഭ്യമാക്കിയാൽ മതിയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 06.08.2021 ലെ ഡി.കെ.എസ്.എ.1626/പി.ടി.1/2021 കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം വാർഷിക കണക്കുകൾ 29-10-2021ന് സമർപ്പിച്ചു.

തുടർന്ന് 23/07/2022 നകം എയിംസ് സോഫ്റ്റ്‌വെയറിലേക്ക് വാർഷിക കണക്കുകൾ ഇ-സബ്മിറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്നും സാങ്കേതിക തടസ്സം പൂർണ്ണമായി പരിഹരിക്കപ്പെടാത്തതിനാൽ സ്ഥാപനത്തിന് വാർഷിക കണക്കുകൾ ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിച്ചില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 20-21ലെ കണക്കുകൾ ഇ-സമർപ്പണം നടത്തുന്നതിനും ആയതിന്മേലുള്ള പരിശോധനകൾ നടത്തുന്നതിനും വിധേയമായി മാത്രമാണ് ഈ റിപ്പോർട്ടിനോടൊപ്പമുള്ള ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിരിക്കുന്നത്.

1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ്		മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ലാപ്സായ തുക (₹)	കുറിപ്പ്
വികസന ഫണ്ട്	വികസന ഫണ്ട്-പൊതുവിഭാഗം	0	21097400	21097400	20236297	861103	
	വികസന ഫണ്ട്-എസ്.സി.പി	0	4448691	4448691	3461091	987600	
	വികസന ഫണ്ട്-ടി.എസ്.പി	0	1028513	1028513	426233	602280	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ആൺടൈഡ്)	0	13929668	13929668	9267816	4661852	
	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	7320000	7320000	3363629	3956371	
സംരക്ഷണ ഗ്രാന്റ്	സംരക്ഷണ ഗ്രാന്റ്-റോഡ്	0	17331000	17331000	17303015	27985	
	സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	5969010	5969010	5969010	0	
കേന്ദ്രാവിഷ്കൃത ഫണ്ട്	ഐ.സി.ഡി.എസ്	225250	1021047	1246297	345980	900317	
	ടോട്ടൽ സാനിറ്റേഷൻ	36575	1478	38053	0	38053	
സംസ്ഥാനാഷ്കൃത ഫണ്ട്	ശുചിത്വ മിഷൻ	990516	1127291	2117807	743722	1374085	
	സാക്ഷരത	305148	12328	317476	0	317476	
കൈമാറിക്കിട്ടിയ വകുപ്പുകൾ	കൃഷി	45000	0	45000	0	45000	
	ഫിഷറീസ്	32224	0	32224	0	32224	
	സാമൂഹ്യനീതി	25200	0	25200	0	25200	
	ആരോഗ്യം	4273	0	4273	0	4273	
	പട്ടിക ജാതി	17252	0	17252	0	17252	
	പഞ്ചായത്ത്	29073	0	29073	0	29073	

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

ഫണ്ട്	ലൈഫ് ലോൺ	അംഗൻവാടി ഹോണറേറിയം	വോട്ടിംഗ് മെഷീൻ
വികസനഫണ്ട് (ജനറൽ)	2663765	1197200	0
വികസനഫണ്ട് (SCP)	58509	0	0
വികസനഫണ്ട് (TSP)	219647	0	0

1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	പൂർത്തിയാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
302	143709888	204	66804660	4	94	67.54

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ഇനം		അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വികസന ഫണ്ട്	പൊതു വിഭാഗം	25546110	20236297	79.21
	പട്ടികജാതി വിഭാഗം	4914564	3461091	70.43
	പട്ടികവർഗ്ഗ വിഭാഗം	905478	426233	47.07
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		17031001	12631445	74.17
കേന്ദ്രാവിഷ്കൃത ഫണ്ട്		4043254	475978	11.77
സംസ്ഥാനാവിഷ്കൃത ഫണ്ട്		1469432	0	0.00
തനത് ഫണ്ട്		18669000	3869195	20.73
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്		8244681	1414121	17.15
ജില്ലാ പഞ്ചായത്ത് ഫണ്ട്		2073633	173633	8.37
സംരക്ഷണ ഗ്രാന്റ്	റോഡ്	21065593	17303015	82.14
	റോഡിതരം	7794826	5969010	76.58
മറ്റിനം		31952316	844642	2.64
ആകെ		143709888	66804660	46.49

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ തുക ₹	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക ₹	ചെലവ് ശതമാനം
കൃഷി ഓഫീസർ	16	3812322	14	2605989	68.36
വെറ്ററിനറി സർജൻ	8	3246150	8	2292200	70.61
മെഡിക്കൽ ഓഫീസർ- പി.എച്ച്.സി.	25	1949781	3	1844030	94.58
മെഡിക്കൽ ഓഫീസർ- ഹോമിയോ	1	150000	1	150000	100
മെഡിക്കൽ ഓഫീസർ- ആയുർവ്വേദം	1	500000	1	500000	100
എസ്. ഐ ഫിഷറീസ്	1	1305000	1	62160	4.76
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	16	34088474	13	6095697	17.88
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	13	8587181	6	3048649	35.50

ഡയറി ഫാം ഇൻസ്പെക്ടർ	2	2543633	2	873633	34.35
സെക്രട്ടറി	45	17835145	23	10160951	56.27
ഹെഡ്മാസ്റ്റർ	1	100000	0	0	0
അസി. എൻജിനീയർ	190	68549381	131	38574346	56.27
അസി. സെക്രട്ടറി	5	1042821	5	597005	57.25
ആകെ	302	143709888	208	66804660	46.49

3. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം.

ഫണ്ട്	മേഖല	പ്രോജക്ടിന്റെ എണ്ണം	അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
പൊതുവിഭാഗം	ഉത്പാദനം	26	13381609	6303309	47.10
	സേവനം	121	69244163	26606135	38.42
	പശ്ചാത്തലം	124	51004298	29602845	58.04
പട്ടികജാതി വിഭാഗം	ഉത്പാദനം	6	477996	232501	48.63
	സേവനം	12	6581644	2723652	41.38
	പശ്ചാത്തലം	3	1029700	677884	65.83
പട്ടികവർഗ്ഗ വിഭാഗം	ഉത്പാദനം	1	60000	60000	100
	സേവനം	8	1811254	482009	26.61
	പശ്ചാത്തലം	1	119224	116325	97.57
	ആകെ	302	143709888	66804660	46.49

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം.

ഘടകം	പ്രോജക്ടിന്റെ എണ്ണം	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വനിതാ ഘടകം	17	13	6022550	2552791	42.39
കുട്ടികൾ	8	7	2968303	2178477	73.39
വൃദ്ധർ	2	2	282750	258500	91.42
ഭിന്നശേഷിക്കാർ	2	2	1453000	1225146	84.32
മറ്റ് ദുർബല വിഭാഗം	1	1	500000	500000	100
പാലിയേറ്റീവ് കെയർ	2	2	1499781	1394030	92.95
യുവജന വികസനം	1	1	122511	109956	88.75
ആകെ	33	28	12848895	8218900	63.97

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	5728	7082460	7088188	7031254	56934
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	169086794	169086794	169086794	0

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹121562/- (ഒരുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അഞ്ഞൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം

തൊഴിൽരഹിത വേതനം	7560	11
കർഷക തൊഴിലാളി പെൻഷൻ	4879200	1974
വിധവാപെൻഷൻ	11043100	945
വാർദ്ധക്യകാല പെൻഷൻ	66136000	3009
വികലാംഗ പെൻഷൻ	4928000	1915
അവിവാഹിതർക്കുള്ള പെൻഷൻ	545800	209
വിവാഹധനസഹായം	90000	3

1-8 ആഭ്യന്തരനിയന്ത്രണം

1.4ക്ലർക്കുമാർ, 3 സീനിയർ ക്ലർക്കുമാർ, ഓഫീസ് അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ, അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി, ഡ്രൈവർ എന്നിവർ ഉൾപ്പെടുന്നതാണ് വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് സംവിധാനം. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന അസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

3. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

4. നിക്ഷേപ പ്രവൃത്തികൾ നിർവ്വഹണം കൃത്യമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. ഭൂജലവകുപ്പിൽ വിവിധപദ്ധതികൾക്കായി നിക്ഷേപിച്ച തുകകളുടെ പൂർത്തീകരണ വിവരങ്ങളില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്റ്റുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

6.പ്രോജക്റ്റുകളുടെ എണ്ണത്തിലെ ആധിക്യം അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലും മോണിട്ടറിംഗിലും കാര്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ഇ-ടെണ്ടർ ഒഴിവാക്കുന്നതിനായി പദ്ധതി അടങ്കൽ 5 ലക്ഷത്തിൽ അധികരിക്കാത്ത നിരവധി പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നു. ₹490000നും 5 ലക്ഷത്തിനും ഇടയിൽ അടങ്കൽ തുകയുള്ള 11 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എല്ലാ പദ്ധതികളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ഉറപ്പിച്ച് നൽകിയിരിക്കുന്നത് എന്നത് ടെണ്ടറിലെ മത്സര സ്വഭാവമില്ലായ്മ വ്യക്തമാക്കുന്നു.

7. വിവിധ സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിച്ച് ഒറ്റ സോഫ്റ്റ്‌വെയറാക്കി മാറ്റുകയും അതുവഴി പഞ്ചായത്തിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുക എന്ന ലക്ഷ്യത്തോടെ വിന്യസിക്കപ്പെട്ട ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയർ ഇതുവരെ പൂർണ്ണസജ്ജമായിട്ടില്ല. സൂചിക, സാംഖ്യ, സിവിൽ രജിസ്ട്രേഷൻ എന്നിവ മാത്രമാണ് ഐ എൽ ജി എം എസ് ൽ ഉൾപ്പെടുത്താനായത്. ഇവയും ബാലാരിഷ്ടതയിൽ നിന്ന് പൂർണ്ണമായും മുക്തമായിട്ടില്ല. റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ പൂർണ്ണമായും രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും മറ്റ് സോഫ്റ്റ്‌വെയറുകളുമായി ലിങ്ക് ചെയ്യപ്പെടാത്താതിനാൽ മരണപ്പെട്ട ആളുകളുടെ പേരിലും വിവിധ തരത്തിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്ത് പോരുന്നു.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിൽ വിതരണം നടത്തുന്നുണ്ട് .

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിക്ക് ചുമതലപ്പെട്ടവർ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി – ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ – കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വിവിധ വരവിനങ്ങളിലായി താഴെപ്പറയുന്ന കുടിശ്ശികയുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ, വിവിധ നികുതി-നികുതി ഇതര വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ക്രമ നം	ഇനം	വാർഷിക കണക്കുകൾ പ്രകാരം	രജിസ്റ്റർ / സോഫ്റ്റ് വെയർ പ്രകാരം	വ്യത്യാസം
1	Receivables For Property Tax On Residencial Buildings (Current)	10394	2020-21 വർഷത്തിൽ 100% വസ്തു നികുതി കളക്ഷൻ ഉണ്ട്.	
2	Receivables For Property Tax On Residencial Buildings (Arrear)	20748		
3	Receivables For Property Tax On Non-Residencial Buildings (Current)	5802		
4	Receivables For Property Tax On Residencial Buildings (Arrear)	102991		
5	Receivables From Proffession Tax - Traders (Curren)	244770	രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല	
6	Receivables For Licence Fees For Factories, Traders, Enterpreneuors And Other Services (Current0	447435	രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല	
7	Rent Receivables From Buildings (Current)	1452018	124955	₹ 1345063/- ഡി സി ബി തയ്യാറാക്കിയിട്ടില്ല
8	Rent Receivables From Buildings (Arrear)	77720	-	ഡി സി ബി തയ്യാറാക്കിയിട്ടില്ല

2. 07-10-2020 മുതൽ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടിംഗിനായി ILGMS സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത്. മുമ്പ് ഉപയോഗിച്ചിരുന്ന സാംഖ്യ സോഫ്റ്റ്‌വെയറിലെ ഡാറ്റാ ILGMS സോഫ്റ്റ് വെയറിലേയ്ക്ക് PDE (Pass Data Entry) നടത്തിയപ്പോൾ ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവസാനം പണമിടപാട് നടന്ന 06-07-2020 ലെ സാംഖ്യ ബാലൻസ് ₹(-)116889/- ആണ്. എന്നാൽ ILGMS പ്രകാരം ബാലൻസ് (+)13111/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
3. ബി-4 ഷെഡ്യൂളിൽ MGNREGS ഒഴികെയുള്ള ലയബലിറ്റികൾ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.
4. റിക്കൺസിലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. ബി-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10 ഐ.എൽ.ജി.എം.എസിൽ മാനവൽ രസീത് ബുക്കുകളുടെ വിവര ക്രമീകരണം അപൂർണം

2020-21 വർഷം പണം പിരിവിന് പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത ചുവടെ ചേർത്തിട്ടുള്ള രസീത് ബുക്കുകൾ ഐ.എൽ.ജി.എം.എസിൽ ക്ലോസ് ചെയ്തിട്ടില്ല. മാനവൽ രസീത് ബുക്കുകൾ വിതരണം ചെയ്യുന്നതിന് മുമ്പ് സ്റ്റോക്ക് വിവരം ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.	രസീത് ബുക്ക് നം.
1	9529
2	9530
3	9534
4	9535
5	9536

6	9537
7	9538
8	9539
9	9540
10	9541

പ്രസ്തുത അപാകതകൾ ഐ.കെ.എമ്മിൽ റിപ്പോർട്ട് ചെയ്ത് പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-11 വാടകക്കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ ₹124955/- പിരിച്ചെടുക്കാൻ ശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാടകക്കാരന്റെ പേര്	കെട്ടിട നമ്പർ	കുടിശ്ശിക വരുത്തിയ കാലയളവ്	പ്രതിമാസ വാടക ₹	കുടിശ്ശിക മാസങ്ങൾ	പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹
1	മുഹമ്മദ് ഫൈസൽ	11/323-ഡി	7/2020 മുതൽ 3/2021 വരെ	2210	9	19890
2	കെ.എച്ച്. അലി	5/56	7/20,8/20,10/20, 12/20 മുതൽ 03/2021 വരെ	2050	7	14350
3	ബാബു റ്റി.പി.	5/477	7/20 മുതൽ 03/2021 വരെ	2190	9	19710
4	ഷിന്റോ ജോർജ്	6/539	3/2021	3490	1	3490
5	ഷംനാസ് പി.എസ്.	6/544	4/20,5/20	1360	2	2720
6	മാത്യു കെ. ചെറിയാൻ	6/494-എ	4/20,5/20,1/21,2/21, 3/21	2825	5	14125
7	രഹിം	6/547-എ	4/20,10/20 മുതൽ 3/21 വരെ	2690	7	18830
8	ഗീത നാരായണൻ	6/379	6/20 മുതൽ 03/2021 വരെ	990	10	9900
9	സി.എം. അസീസ്	6/382	6/20 മുതൽ 03/2021 വരെ	900	10	9000
10	അനിൽ കളത്തിൽ	6/3814	4/20 മുതൽ 03/2021 വരെ	900	12	10800
11	അച്ചാമ്മാ തോമസ്	14/494-2	2/21, 3/21	390	2	780
12	അച്ചാമ്മാ തോമസ്	14/494-(3)	2/2021, 03/2021	680	2	1360
			ആകെ			124955

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10 തീയതി 8/7/2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് 19 വ്യാപനത്തെത്തുടർന്ന് അടച്ചിട്ടിരുന്ന മുറികൾക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഗ്രാമ പഞ്ചായത്തിന്റെ 22/04/2020 തീയതിയിലെ 5/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരവും 2020-21 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിൽ വാടക ഒഴിവാക്കി നൽകിയതായി അറിയിച്ചിട്ടുണ്ട്.

സ.ഉ (സാധാ)1278/2020/ത.സ്വ.ഭ.വ. തീയതി 29/06/2020 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലോക്ക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, തീരുമാനം എടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അനുവദിച്ചിരുന്നു.

1. ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ.

2. വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല/അടഞ്ഞുകിടന്നതാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

ഭരണസമിതി പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ 2020-21 ആദ്യ പകുതിയിലെ വാടകയ്ക്ക് ഇളവു നൽകിയിട്ടുണ്ടെങ്കിലും ടി നടപടിയെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആകയാൽ മറുപടി അംഗീകരിക്കുന്നില്ല. പഞ്ചായത്തിന്

യഥാർത്ഥത്തിൽ ലഭിക്കേണ്ടതായ കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി നിർണയിച്ച് ഈടാക്കുന്നതിൽ അപാകത.

01.04.2013 പ്രാബല്യത്തിൽ വസ്തു നികുതി നിർണയിച്ച കുഞ്ഞിത്തണ്ണി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി യുടെ ഉടമസ്ഥതയിലുള്ള 7/210 എന്ന നമ്പരിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി "ഓഫീസ്" എന്ന ഉപയോഗക്രമത്തിനു പകരം "ബങ്ക്" എന്ന ഉപയോഗക്രമത്തിൽ നിർണ്ണയിച്ച് ഈടാക്കി വരുന്നതിനാൽ നികുതിയിൽ ചുവടെ ചേർക്കും വിധം കുറവുണ്ടായിട്ടുണ്ട്.

വിവരണം	നിർണ്ണയിച്ച വസ്തു നികുതി	ഈടാക്കേണ്ട വസ്തു നികുതി
കെട്ടിടത്തിന്റെ വിസ്തീർണ്ണം	150.43m2	
കെട്ടിടത്തിന്റെ തരം	ബങ്ക്	ഓഫീസ്
അടിസ്ഥാന വസ്തു നികുതി നിരക്ക്	30	50
വസ്തു നികുതി	4512.9	7521.5
വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലെ വർദ്ധനവ് (20%)	902.58	1504.3
ഇളവ്(മേഖല (10%)+കാലപ്പഴക്കം (20%))	1353.87	2256.45
ആകെ വസ്തു നികുതി	4062.00	6769.35
ലൈബ്രറി സെസ്സ്	204	338.46
ആകെ	4266	7108
വസ്തു നികുതിയിൽ വന്ന കുറവ്		2842

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 02.07.2022) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർ നിർണയിച്ച് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഓഡിറ്റ് ഇംപാക്ട് - ലൈസൻസ് അപേക്ഷയിലെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണയിച്ച് ഈടാക്കി

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് ഡിമാന്റ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കൈറ്റ്സ് റിസോർട്സ് എന്ന സ്ഥാപനത്തിന് 2019-20ൽ 28/05/2019ലെ തീയതിയിലെ എ7-1627/2019 (30) നമ്പരായി ഹോം സ്റ്റേ ഉപയോഗക്രമത്തിൽ ലൈസൻസ് നൽകിയിട്ടുള്ളതിൽ ഉൾപ്പെടുന്നത് 10/170c മുതൽ 170H വരെയുള്ള കെട്ടിട നമ്പരുകളാണ്. 2020-21ൽ 18/02/2021-ലെ എ9/615(27) നമ്പരായി ഹോം സ്റ്റേ ഉപയോഗത്തിന് പ്രസ്തുത ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതിൽ കെട്ടിട നമ്പരായി 10/170c മുതൽ 10/170H വരെയും 204 എ മുതൽ 204 എഫ് വരെയുമാണുള്ളത്. ലൈസൻസ് പുതുക്കുന്നതിനായി 12/02/2021ന് സമർപ്പിച്ച അപേക്ഷയിൽ ഉപയോഗക്രമം റിസോർട്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, അപേക്ഷ പരിശോധിച്ച ഓഫീസ് കുറിപ്പിലും റിസോർട്ടിന് ലൈസൻസ് നൽകാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹോംസ്റ്റേ ഉപയോഗക്രമത്തിനാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. അപേക്ഷയിലെ ഉപയോഗക്രമത്തിൽ നിന്നും വ്യത്യസ്തമായി ലൈസൻസ് പുതുക്കി നൽകിയതിനാൽ 10/170D മുതൽ 10/170H വരെയുള്ള കെട്ടിട നമ്പരുകൾക്ക്, ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കായ 90 രൂപ ഈടാക്കുന്നതിന് പകരം ഹോംസ്റ്റേക്ക് ബാധകമായ നിരക്കായ 40 രൂപയാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിശ്ചയിച്ചിട്ടുള്ളത്. 204 എ മുതൽ 204 എഫ് വരെയുള്ള കെട്ടിട നമ്പരുകൾക്ക് ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കുന്നുണ്ട്. 170C നമ്പർ കെട്ടിടം റെസ്റ്റോറന്റാണ്. ആയതിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകതയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം ചുവടെ ചേർത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

ക്രമ നം.	കെട്ടിട നം.	വിസ്തീർണം (ച.മീ)	വസ്തുനികുതി കുടിശ്ശിക ((വിസ്തീർണം*50)+(വിസ്തീർണം*വർദ്ധന(10%)+എൽ.സി(5%))	അർദ്ധ വർഷം
1	10/170/D	56.51	1632	2018-19 -II
2			3263	2019-20 -I&II

3			3263	2020-21 -I&II
4	10/170/E	56.51	1632	2018-19 -II
5			3263	2019-20 -I&II
6			3263	2020-21 -I&II
7	10/170/F	56.51	1632	2018-19 -II
8			3263	2019-20 -I&II
9			3263	2020-21 -I&II
10	10/170/G	56.51	1632	2018-19 -II
11			3263	2019-20 -I&II
12			3263	2020-21 -I&II
13	10/170/H	56.51	1632	2018-19 -II
14			3263	2019-20 -I&II
15			3263	2020-21 -I&II
ആകെ			40790	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2 തീയതി 07/07/2022) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അനുവദിച്ച വേളയിൽ റിസോർട്ടിന് പകരം ഹോം സ്റ്റേ എന്ന രേഖപ്പെടുത്തിയത് ക്ലറിക്കൽ മിസ്റ്റേക്കാണെന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 10/170D മുതൽ 10/170H വരെയുള്ള കെട്ടിടങ്ങളെ ഹോംസ്റ്റേ ഉപയോഗക്രമത്തിൽ നിന്നും മാറ്റി റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകി ചുവടെ ചേർത്തിരിക്കും വിധം നികുതി ഈടാക്കിയിട്ടുണ്ട്.

ക്രമ നം.	കെട്ടിട നം.	വസ്തുനികുതി കുടിശ്ശിക	അർദ്ധ വർഷം	രസീത് നം.
1	10/170/D	8158	2018-19 -II,2019-20 -I&II,2020-21 -I&II	12220101374/08-07-2022
2	10/170/E	8158	2018-19 -II,2019-20 -I&II,2020-21 -I&II	2220101375/08-07-2022
3	10/170/F	8158	2018-19 -II,2019-20 -I&II,2020-21 -I&II	2220101376/08-07-2022
4	10/170/G	8158	2018-19 -II,2019-20 -I&II,2020-21 -I&II	2220101377/08-07-2022
5	10/170/H	8158	2018-19 -II,2019-20 -I&II,2020-21 -I&II	2220101379/08-07-2022&2220101378/ 08-07-2022

1-14 ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി നിശ്ചയിച്ച നിരക്കിൽ ഈടാക്കി

ബി.ആർ.സി, അടിമാലി എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിൽ നിന്നും കുറവ് വന്നിട്ടുണ്ട്.

ക്രമ നം.	ജീവനക്കാരന്റെ പേര്/തസ്തിക	അർദ്ധ വാർഷിക വരുമാനം	അർദ്ധ വർഷം 1		
			ഈടാക്കിയ തുക	ഈടാക്കേണ്ടിയിരുന്ന തുക	കുറവ് വന്ന തുക
1	ജയ ജോസഫ് / ആർ.റ്റി	120000	750	1000	250
2	അൽഫോൻസ എ.ജെ/ആർ.റ്റി	120000	750	1000	250
3	രെശ്മി പി.ആർ/ആർ.റ്റി	120000	750	1000	250
4	ജാൻസി വർഗീസ്/ആർ.റ്റി	120000	750	1000	250
5	ഡോളിയാമ്മ സെബാസ്റ്റ്യൻ/ആർ.റ്റി	120000	750	1000	250
6	സോണിയ ലാലിച്ചൻ /ആർ.റ്റി	120000	750	1000	250
7	വിപിൻ ദാസ് വി /ആർ.റ്റി	120000	750	1000	250
8	അഖില എസ് കുമാർ/ആർ.റ്റി	120000	750	1000	250
9	റ്റിന്റുമോൾകെവി/ആർ.റ്റി	12500	1000	1250	250

10	അനൂപ് കെവി/ആർ.റ്റി	12500	1000	1250	250
11	ജെസ്സി തോമസ്/ആർ.റ്റി	12500	1000	1250	250
12	ബീനാ എം ചാക്കോ/ആർ.റ്റി	12500	1000	1250	250
13	സിന്ധു വിപി/ആർ.റ്റി	12500	1000	1250	250
ആകെ					3250

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 07/07/2022) സമർപ്പിച്ച മറുപടിയിൽ 11/07/2022 ലെ 1220101401 നമ്പർ രസീത് നമ്പർ പ്രകാരം ₹3250/- ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്.

1-15 സേവനപുസ്തകം ഇല്ലാതെ സേവനാനുകൂല്യങ്ങൾ നല്കി

വൗച്ചർ നം.	350109999 തീയതി 31.03.2021
ചെക്ക് നം.	767455 തീയതി 31.03.2021

ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീമതി അക്ഷര രവീന്ദ്രന് തൻവർഷം ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ ₹17101/- അനുവദിച്ച് നൽകിയിട്ടുണ്ട്. അടിസ്ഥാനശമ്പളം ₹30995/- എന്നും 31 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നുവെന്നുമാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സറണ്ടർ ചെയ്ത അവധികളുടെ എണ്ണം എത്രയെന്ന് വൗച്ചറിൽ നിന്നും വ്യക്തമല്ല. കഴിഞ്ഞ 7 വർഷത്തിലധികമായി പ്രസ്തുത ജീവനക്കാരി ഈ ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെയും സേവനപുസ്തകത്തിൽ സേവന-വേതന വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അവധിയടക്കമുള്ള സേവന-വേതന വിവരങ്ങൾ പരിശോധിക്കാതെ സറണ്ടർ അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. ആയതിനാൽ ₹17101/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 മണൽ വാരൽ- അളവ് പരിശോധിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളിൽ നിന്നും ചെളി നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ക്വൊട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി തുടർന്ന് വരവെ ജലാശയത്തിൽ മണൽ നിക്ഷേപം ഉണ്ടെന്ന് വ്യക്തമായതിനെ തുടർന്ന് മണൽ വാരി 7 കി.മി. ചുറ്റളവിലുള്ള വിവിധ സ്റ്റോക്ക് യാർഡുകളിൽ നിക്ഷേപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ശ്രീ പി.ബി സുരേഷ്, പാനിപ്ര വീട് വെള്ളത്തൂവൽ എന്ന വ്യക്തി പ്രസ്തുത വേല ഒരു ക്യൂബിക് അടിക്ക് ഏറ്റവും കുറഞ്ഞ നിരക്കായ ₹17/-ക്ക് എടുത്ത് ഗ്രാമപഞ്ചായത്തിന്റെ താഴെ പരാമർശിക്കുന്ന ഏഴ് സ്ഥലങ്ങളിൽ നിക്ഷേപിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്.

ക്രമ നം.	യാർഡ്	രജിസ്റ്റർ പ്രകാരം അളവ്
1	സെന്റ് ജോർജ്ജ് യാക്കോബായ ചർച്ച് വെള്ളത്തൂവൽ	11500CFT
2	ഇല്ലിച്ചുവട് കള്ള് ഷാപ്പ്	28550 CFT
3	വെള്ളത്തൂവൽ ഹൈസ്കൂൾ ഗ്രൗണ്ട്	57100CFT
4	ഹൈറേഞ്ച് ഡയറി യാർഡ്	22500 CFT
5	വെള്ളത്തൂവൽ കെ. എസ്.ഇ.ബി ഗ്രൗണ്ട്	24310 CFT
6	കെ. എസ്.ഇ.ബി ക്വാർട്ടേഴ്സിന് സമീപം	7150 CFT
7	എൽ.പി സ്കൂൾ ചെങ്കുളം ഗ്രൗണ്ട്	6000 CFT

പ്രസ്തുത അളവുകൾ കരാറുകാരൻ സമർപ്പിച്ച പ്രതിദിന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണെന്ന് കാണുന്നു. കരാറുകാരൻ വാരി സൂക്ഷിച്ച മണലിന്റെ അളവ് പഞ്ചായത്തധികൃതർ ചെക്ക് മെഷർ ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്. ഇത്തരത്തിൽ വേല നടത്തുന്നത് പഞ്ചായത്തിന് നഷ്ടം സംഭവിക്കുവാൻ സാധ്യത സൃഷ്ടിക്കുന്നു. മണലിന്റെ അളവ് പഞ്ചായത്തധികൃതരോ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നോ ചെക്ക് മെഷർ ചെയ്തതിന് ശേഷം കരാർ പ്രകാരമുള്ള തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 2020-21-ൽ ആവിഷ്കരിച്ച് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1430000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നതെന്ന് കാണുന്നു.

പ്രൊജക്ടിന്റെ നമ്പർ, പേര്	സോളാർ മിനി മാസ്റ്റ് ലൈറ്റ് (182/2021)	
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	
ബിൽ നം./തിയതി	20101052012900143931/ 29-5-2020 ₹330000	330000
	20101052012900143933/29-5-2020	110000
	20101052012900143929/29-5-2020	330000

	20101052012900143930/29-5-2020	330000
	20101052012900721230/24-11-2020	330000
ആകെ		1430000

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. അനർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് താൽപര്യപത്രം ക്ഷണിച്ചാണ് എം-പാനൽ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അനർട്ട് എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എം-പാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി ഉള്ളതെന്നിരിക്കെ, സർക്കാർ ഏജൻസിയായ സിഡ്കോ മുഖേനയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ ഖണ്ഡിക 7.1 പ്രകാരം വിവിധ മോഡലുകൾക്ക് ബാധകമായ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നീ സ്പെസിഫിക്കേഷനുകൾ, ചുവടെ കൊടുക്കുന്നു.

മോഡൽ നം.	ഇനം	സോളാർ പാനൽ	ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം	ലൂമിനി (+25% അനുവദനീയം	പോസ്റ്റിന്റെ ഉയരം	അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹)
മോഡൽ 1	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 W	250 Wh Lithium Ferro Phophate	8 W	Height-4 M, Dia- 3 Inch	35, 625
മോഡൽ 2	സോളാർ സ്ട്രീറ്റ് ലൈറ്റ്	150 W	768 Wh Lithium Ferro Phophate	20 W	Height-4 M, Dia- 4 Inch	71,250
മോഡൽ 3	സോളാർ സ്ട്രീറ്റ് ലൈറ്റ്	200 W	1152 Wh Lithium Ferro Phophate	36 W	Height-5 M, Dia- 4 Inch	95,000
മോഡൽ 4	സോളാർ സ്ട്രീറ്റ് ലൈറ്റ്	600 W	3072 Wh Lithium Ferro Phophate	24 W 4 സെറ്റ്	Octagonal, Dia- 6 Inch	2,85,000

സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയും എം-പാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനവും സപ്ലൈ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കമ്പനി, മോഡൽ, സ്റ്റാൻഡേർഡുകൾ, പരമാവധി നിരക്ക് എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള സ്ഥാപനത്തിൽ നിന്നല്ല വാങ്ങൽ നടത്തിയിട്ടുള്ളത്.

06.02.2018-ലെ സ.ഉ(സാധാ)നം.348/2018/തസ്വഭവ. പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്ട് നടപ്പാക്കിയത്.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനർട്ട് നിശ്ചയിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിനി മാസ്റ്റ് ലൈറ്റുകളല്ല സ്ഥാപിച്ചിട്ടുള്ളത്. സിഡ്കോ സ്ഥാപിച്ച സോളാർ മിനിമാസ്റ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

ഇനം	സിഡ്കോ
സോളാർ പാനൽ	18 V 18 W
ബാറ്ററി	Lithium Battery - 2V/10AM
ലൂമിനാരി	വ്യക്തമാക്കിയിട്ടില്ല
എൽ.ഇ.ഡി	12 V 12 W
പോസ്റ്റിന്റെ ഉയരം	6 M

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7 തീയതി 07-07-2022) സമർപ്പിച്ച

മറുപടിയിൽ ഡി.പി.സി-ക്ക് സമർപ്പിച്ച പദ്ധതിയിൽ ഡിഡ്കോ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് രേഖപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണം സർക്കാർ ഏജൻസി മുഖേന എന്ന് മാത്രമാണ് പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സിഡ്കോ നൽകിയ ഓഫർ ലെറ്റർ പ്രകാരം ഓരോ ലൈറ്റുകളുടെയും വില ₹1,10,000/- ആണ്.

പദ്ധതി നടത്തിപ്പിലുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ സ്പെസിഫിക്കേഷൻ ഒന്നും തന്നെ സിഡ്കോ സ്ഥാപിച്ച ലൈറ്റുകൾക്കില്ല.
2. ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയോടൊപ്പം സിഡ്കോയുമായുള്ള കരാറിന്റെ പകർപ്പും ലഭ്യമാക്കി. കരാറിൽ ഇൻവോയിസ് നം 185/10.11.2020 പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് മാത്രമാണ് വാറന്റി ഉള്ളത്.

   സോളാർ ലൈറ്റുകൾക്ക് സിഡ്കോ നൽകിയ ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ നം.	തീയതി	എണ്ണം	തുക	നൽകിയ തുക
1	TVM/19-20/414	30-3-2020	1	111048	110000
2	TVM/19-20/385	21.3.2020	1	111048	110000
3	TVM/19-20/383	21.3.2020	1	111048	110000
4	TVM/19-20/387	23.3.2020	1	111048	110000
5	TVM/19-20/394	24.3.2020	1	111048	110000
6	TVM/19-20/396	24.3.2020	1	111048	110000
7	TVM/19-20/384	21.3.2020	1	111048	110000
8	TVM/19-20/388	23.3.2020	1	111048	110000
9	TVM/19-20/389	23.202020	1	111048	110000
10	TVM/19-20/386	23.3.2020	1	111048	110000
11	TVM/20-21/53	7.8.2020	3	330000	330000

കരാറിൽ പരാമർശിക്കുന്ന ഇൻവോയ്സ് ഗ്രാമപഞ്ചായത്ത് വാങ്ങിയവയുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ വാറന്റി ലഭിക്കില്ലായെന്ന് വ്യക്തമാണ്.

3. മേൽ ബില്ലുകളിൽ ക്രമ നം. (11) ഒഴികെയുള്ള ബില്ലുകളെല്ലാം 2019-20 വർഷത്തെയാണ്. 2019-20 വർഷം സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2020-21 വർഷം പുതിയതായി ആവിഷ്കരിച്ച പദ്ധതി പ്രകാരമാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ് തന്നെ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ വാങ്ങിയെന്ന് ഇതിൽ നിന്നും വ്യക്തമാണ്.
4. 18-1-2019 ൽ സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സിഡ്കോ നൽകിയ കത്ത് പ്രകാരം ബാറ്ററിക്ക് 5 വർഷവും, സോളാർ പാനലിന് 10 വർഷവും മൂന്ന് വർഷത്തെ സർവ്വീസും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സർക്കാർ ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കിയതെന്നത് പരിഗണിച്ചാലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിനാൽ ഈ ഇനത്തിലുള്ള ₹ 1430000/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 മരണശേഷവും ഗുണഭോക്താക്കൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും 2020 ഏപ്രിൽ മുതലുള്ള മരണ റിപ്പോർട്ടുകളും പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

<u>പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ</u>

ക്രമ നം.	പേരും വിലാസവും	ആധാർ നം.	മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി	അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ്	പെൻഷൻ സ്റ്റാറ്റസ്	പെൻഷൻ നൽകുന്ന സ്ഥാപനം	അധികം അനുവദിച്ച തുക ₹
1	പാത്തുമ്മ കീളത്തും കുടി വീട് മാർക്കോസ്, വാളറ	983365094816	25.12.2020	01/2021 04/2022	ആക്ടീവ്	-കേരള ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ്	28800
2	ഇന്ദിര വിശ്വനാഥൻ പുത്തൻ വീട് കല്ലാർകുട്ടി ഹൈവൻവാലി	318090139246	17.05.2020	06/2020- 06/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ	40000
3	ഏലിയാമ്മ , പുത്തൻ പുരയ്ക്കൽ ചെങ്കുളം	64921456856	01.05.2020	06/2020- 06/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ	40000
4	ഇ. വി തങ്കപ്പൻ ഇടപ്പറമ്പിൽ	717964033494	29.04.2020	05/2020-	സസ്പെൻഡ്	ക്ഷീര കർഷക	1600

	ചിത്തിരപുരം ആനച്ചാൽ			05/2020		ക്ഷേമനിധി ബോർഡ്	
5	ത്രേസ്യാമ്മ ചടാക്കുളത്ത് വീട് എല്ലക്കൽ	601871661051	02.06.2020	07/2020-04/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ	36800
6	മേരി ജോസഫ് പുത്തൻപുരയ്ക്കൽ തോണ്ടന്നൂർ കണ്ണൂർ	676618703430	13.02.2021	03/2021-06/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ	25600
7	സുകമാരിയമ്മ കല്ലാർകുട്ടി വെള്ളത്തൂവൽ	79358432648	12.02.2021	03/2021-01/2022	സസ്പെൻഡ്	വാർദ്ധക്യകാല പെൻഷൻ	17600
8	ത്രേസ്യാമ്മ ജോൺ, കാടൻ കടവിൽ പോത്തുപാറ ഇടുക്കി	586389521882	03.03.2021	04/2021-06/2021	സസ്പെൻഡ്	കാർഷിക തൊഴിലാളി പെൻഷൻ	4800
9	ഇ. പി തോമസ് ഈറക്കുഴിയിൽ പന്നിയാർകുട്ടി രാജാക്കാട്	382229838231	09.03.2021	04/2021-06/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ	24000
10	കമലമ്മ വലമ്പശ്ശേരിയിൽ ഈട്ടിസിറ്റി, ചിത്തിരപുരം മേരികുളം	476787019910	13.03.2021	04/2021-05/2021	സസ്പെൻഡ്	വാർദ്ധക്യകാല പെൻഷൻ	3200
11	വി.റ്റി മത്തായി വലിയ പറമ്പിൽ ചിത്തിരപുരം	919789290525	18.03.2021	04/2020-06/2021	സസ്പെൻഡ്	വാർദ്ധക്യകാല പെൻഷൻ	4800
12	മൈദീൻ മുഹമ്മദ്, പൂക്കുന്നേൽ കുമ്പൻപാറ	322981540805	28.03.2021	04/2021-05/2022	ആക്ടീവ്	കാർഷിക തൊഴിലാളി പെൻഷൻ	22400

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്ത് കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് . മരണമടഞ്ഞവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അനർഹമായി തുക തട്ടിയെടുത്ത അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-19 തൊഴിലുറപ്പ് പദ്ധതി സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ- നിരക്കുകൾ നൽകിയതിലെ അപാകതകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 07.04.2017ൽ ഇന്ത്യാഗവൺമെന്റിന്റെ റൂറൽ ഡെവലപ്പ്മെന്റ് മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന

'സജസ്റ്റീവ് ഫ്രയിംവർക്ക് ' ലെ ഖണ്ഡിക 5 പ്രകാരം ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള പരമാവധി നിരക്കുകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഇഷ്ടിക, പ്രീകാസ്റ്റ് കോൺക്രീറ്റ് സ്ലാബ്, ഫെറോസ്ലാബ് എന്നിവ ഉപയോഗിച്ച് ബോർഡുകൾ നിർമ്മിക്കാവുന്നതാണ്. ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 3'x2' അടി വലുപ്പമുള്ളതിന് ₹3000/-, 4'x3' അടി വലുപ്പമുള്ളതിന് ₹5000/- എന്ന പരമാവധി നിരക്കിന് വിധേയമായി യഥാർത്ഥത്തിൽ നടത്തിയ പ്രവൃത്തിക്കാണ് തുക നൽകേണ്ടത്. സൂര്യശ്രീ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് യൂണിറ്റ്, ന്യൂ ടെക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് യൂണിറ്റ് എന്നീ കുടുംബശ്രീ സംഘങ്ങൾ മുഖേനയാണ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്. ഷെഡ്യൂൾ റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഫെറോസ്ലാബിൽ തയ്യാറാക്കി കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ചിരിക്കുന്ന 3'x2' അടി വലുപ്പമുള്ള ബോർഡിന് ₹2970/- വീതവും 4'x3' അടി വലുപ്പമുള്ള ബോർഡുകൾക്ക് ₹4970/- നിരക്കിലുമാണ് നൽകിയിട്ടുള്ളത്. 3'x2' അടി വലുപ്പമുള്ള ബോർഡുകൾ 256 എണ്ണവും 4'x3' അടി വലുപ്പമുള്ളത് 153 എണ്ണവും തൻവർഷം സ്ഥാപിച്ചതിന് ആകെ ₹1520730/-ചെലവഴിച്ചു.

എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ തുക നിശ്ചയിച്ച് മാത്രം ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുന്നതിനും തുക നൽകുന്നതിനും മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-20 സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചി വിതരണം

പദ്ധതി നം.	പ്രകൃതി സൗഹൃദ ക്യാരിബാഗ് വിതരണം
നിർവ്വഹണം	സെക്രട്ടറി
പദ്ധതി അടങ്കൽ	വികസന ഫണ്ട് -300000
	ഗുണഭോക്തൃ വിഹിതം - 100000
ചെലവ്	വികസന ഫണ്ട് -150000
	ഗുണഭോക്തൃ വിഹിതം - 50000
ബിൽ നം.	ചെക്ക് നം. 57140/1.3.2021 ₹50000 (ഗുണഭോക്തൃ വിഹിതം)
	20101052012901172604/01.03.2021 ₹150000

പ്ലാസ്റ്റിക്കിന്റെ ഉപഭോഗം പരമാവധി കുറച്ച് പരിസ്ഥിതി സൗഹൃദമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ വീട്ടുകളിൽ ക്യാരിബാഗ് വാങ്ങി നൽകുന്നതിന് ലക്ഷ്യമിട്ടാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതിനുവേണ്ടി 16.03.2020-ലെ കമ്മറ്റി തീരുമാനപ്രകാരം ജ്യൂട്ട് ബാഗിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗ്രീൻ വീവർ കുമ്പൻപാറ എന്ന സ്ഥാപനത്തിന്റെ ₹90/- നിരക്കിലുള്ള ടെണ്ടറും, തുണി ബാഗിന് സ്മിത ഷാനവാസ് എന്നയാളുടെ ₹46/- നിരക്കിലുള്ള ടെണ്ടറും അംഗീകരിച്ചിരുന്നു.

ഗ്രീൻ വീവർ കുമ്പൻപാറ എന്ന സ്ഥാപനത്തിന്റെ 02/10.11.2020 ബിൽ പ്രകാരം ₹90 രൂപ നിരക്കിൽ 2223 ബാഗുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബില്ലിൽ ക്യാരിബാഗ് വിത്ത് പ്രിന്റിംഗ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാങ്ങിയ ക്യാരി ബാഗുകളുടെ സാമ്പിൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ തുണി കൊണ്ടുള്ള ക്യാരിബാഗാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. കൂടാതെ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമായിരുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ സ.ഉ(സാധാ)22/2018 നമ്പർ ഉത്തരവിൽ സബ്സിഡി മാർഗ്ഗരേഖയിൽ ബാഗ് വിതരണം ചെയ്യുന്നതിന് സബ്സിഡി അനുവദിക്കുവാൻ വ്യവസ്ഥയില്ല. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ലെ യോഗത്തിന്റെ 3-3 തീരുമാനപ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജൂട്ട്/തുണി സഞ്ചികൾ വീടുകളിൽ/കടകളിൽ വിതരണം ചെയ്യുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ലെന്നും എന്നാൽ പ്ലാസ്റ്റിക്ക് സഞ്ചികൾക്ക് ബദൽ എന്ന നിലയിൽ ഇതിനായി യൂണിറ്റുകൾ തുടങ്ങുന്നതിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കാനും മെഷീൻ ഉൾപ്പടെയുള്ള മറ്റ് ഉപകരണങ്ങൾ വാങ്ങുവാനും ധനസഹായം നൽകാമെന്നും നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഇതിനു വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയാണ് തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുത്തത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/12-7-2022) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ തുണി സഞ്ചികൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും സഞ്ചി വാങ്ങി വിതരണം ചെയ്തതിനാലും ഏത് തരം ക്യാരി ബാഗുകളാണ് വാങ്ങി വിതരണം നടത്തിയതെന്ന് വ്യക്തമല്ലാത്തതിനാലും ഈ ഇനത്തിൽ ചെലവഴിച്ച ₹150000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പ്രോജക്ട് നടത്തിപ്പിനായി ₹50000 ഗുണഭോക്തൃ വിഹിതമായി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഡ് മെമ്പർമാർ ഒടുക്കിയതായാണ് ഡേ ബുക്കിൽ നിന്നും വ്യക്തമാകുന്നത്. ഗുണഭോക്താക്കൾക്ക് രസീത് നൽകിയിട്ടില്ല. രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം വാർഡ് മെമ്പർമാർ മുഖേന ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-21 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

ഭൂജല വകുപ്പിന്റ ഇടുക്കി ജില്ലാ ഓഫീസിലേയ്ക്ക് കുഴൽകിണർ നിർമ്മിക്കുന്നതിന് തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	ബിൽ റഫറൻസ് നമ്പർ.	തുക ₹
1	189/21 ഒമ്പതാം വാർഡ് കുഴൽകിണർ	20101052011901393164 തീ:27.03.2021	67595
2	323/21 പി.എച്ച്.സി സബ് സെന്റർ കുഴൽകിണർ പദ്ധതി	20101052011901393205 തീ:27.03.2021	64646
3	406/21 പോത്തുപാറ അൽഫോൺസാ ജം കുഴൽകിണർ പദ്ധതി	20101052011901393209 തീ:27.03.2021	67595
4	401/21 പനംകുട്ടി വാൽവ് ഹൗസ് റോഡ് കുഴൽകിണർ പദ്ധതി	20101052011901393196 തീ:27.03.2021	114103
5	410/21 അമ്പിളികുന്ന് അംഗനവാടി മാൻകടവ് റോഡ് കുഴൽകിണർ പദ്ധതി	20101052011901393191 തീ:27.03.2021	67586
6	317/21 ബാലൻ പടി വീട് കുഴൽകിണർ പദ്ധതി	20101052011901393187 തീ:27.03.2021	65646
7	316/21 കുഞ്ചിതണ്ണി ടാങ്ക് കുടി കുഴൽകിണർ പദ്ധതി	20101052011901393185 തീ:27.03.2021	114703
8	413/21 കത്തിപ്പാറ കോളനി കുഴൽകിണർ പദ്ധതി	20101052011901393182 തീ:27.03.2021	119703
9	200/21 മാൻകടവ് അംഗനവാടി കുഴൽകിണർ പദ്ധതി	20101052011901393177 തീ:27.03.2021	30000
10	190/21 കരിമ്പനയ്ക്കൽ പടി കുഴൽകിണർ പദ്ധതി	20101052011901393169 തീ:27.03.2021	114103
11	347/21 പനംകുട്ടി ഡബിൾ കട്ടിംഗ് കുഴൽകിണർ പദ്ധതി	20101052011901393199 തീ:27.03.2021	67595
12	350/21 പനംകുട്ടി വാൽവ് ഹൗസ് കുഴൽകിണർ പദ്ധതി	20101052011901393154 തീ:27.03.2021	100000
13	349/21 പനംകുട്ടി ഐ.ബി കുഴൽകിണർ പദ്ധതി	20101052011901393200 തീ:27.03.2021	119703
14	348/21 കല്ലാർകുട്ടി വർക്ക് ഷോപ്പ് കുഴൽകിണർ പദ്ധതി	20101052011901393201 തീ:27.03.2021	119703
15	144/21 നായ്ക്കുന്ന് ഷോപ്പ് കുഴൽകിണർ പദ്ധതി	20101052011901393159 തീ:27.03.2021	114103
	ആകെ		1346784

പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഇതിനായുള്ള ₹1346784/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിക്കായി തുക കൈപ്പറ്റിയിട്ടും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	അവസാനം തുക കൈപ്പറ്റിയ തീയതി	നിലവിലെ അവസ്ഥ
1	പത്രോസ്, കാട്ടുമാക്കൽ, കത്തുപാറ	80000	13-7-2018	നിർമ്മാണം ആരംഭിച്ചിട്ടില്ല.
2	അലീക്കുട്ടി ദേവസ്യ,	40000	13-7-2018	നിർമ്മാണം ആരംഭിച്ചിട്ടില്ല.
3	ലിസ്സി ജോസ്	40000	13-7-2018	ലിന്റൽ
4	ഷാജി എ ഇ, എലവുംകടിയിൽ	80000	14-2-2019	നിർമ്മാണം ആരംഭിച്ചിട്ടില്ല.
5	ശങ്കർ ഗുരുനിവാസ്, വെള്ളത്തുവൽ	300000	29-5-2019	ലിന്റൽ

ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് മേൽ ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 01.08.2020 ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും സെക്രട്ടറി കൺവീനറായും തദ്ദേശസ്ഥാപനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ആദ്യയോഗം 04.08.2020ൽ നടന്നു. കമ്മ്യൂണിറ്റി കിച്ചനാണ് കോവിഡ്-19 പ്രതിരോധത്തിന്റ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ ഒരുക്കിയ പ്രധാന സംവിധാനം. എഫ്.എൽ.ടി.സി പ്രവർത്തിച്ചിട്ടില്ല. സി.ഡി.എസ് നേരിട്ട് നടത്തിയ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്ക് മറ്റ് ജീവനക്കാരെ നിയോഗിച്ചിട്ടില്ല. റേഷൻ കടയിൽ നിന്നും സബ്സിഡി ഇനത്തിൽ റേഷൻ സാധനങ്ങൾ ലഭ്യമായിട്ടില്ല. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് ₹4000/- മാത്രം സംഭാവനയായി ലഭിച്ചിട്ടുണ്ട്. 17 യൂത്ത് വോളണ്ടിയർമാർക്ക് പരിശീലനം നൽകി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുണ്ട്. 04.08.2020 ൽ നടന്ന പരിശീലന പരിപാടിക്ക് ₹2000/- ചെലവ് വന്നിട്ടുണ്ട്. ഗുരുതര രോഗ ബാധിതർക്ക് മരുന്നു വാങ്ങി നൽകുന്നതിനായി പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല. ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചനുവേണ്ടി പാത്രങ്ങൾ വാങ്ങിയിട്ടില്ല. കൃഷി ഓഫീസ് മുഖേന സുഭിക്ഷകേരളം - തരിശുഭൂമിയിൽ കൃഷി ഇറക്കൽ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിന് ₹942214/- യുടെ ചെലവ് വന്നിട്ടുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ്
2020-21	ഓഡിറ്റിനൊപ്പം പരിശോധിച്ചു	ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 സംയുക്ത പദ്ധതികൾ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	തൻവർഷ ചെലവ്	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2020-21	300000	പാലിയേറ്റീവ് കെയർ പദ്ധതി - S0039/21	300000	0
	2020-21	176301	പാലിയേറ്റീവ് കെയർ പദ്ധതി - S00235/21	176301	0
	2020-21	270520	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - S00207/21	270520	0
	2020-21	347300	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - S002/21	347300	0
	2020-21	200000	ലൈഫ് ഭവന പദ്ധതി (ജനറൽ) – 29/21	200000	0
	2020-21	120000	ലൈഫ് ഭവന പദ്ധതി (എസ്.സി.) – 20/21	120000	0
ജില്ലാ പഞ്ചായത്ത്	2020-21	173633	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പദ്ധതി നം. 78/2021)	173633	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
ജില്ലാ ഭൂജല വകുപ്പ് ഇടുക്കി	189/21 ഒമ്പതാം വാർഡ് കുഴൽകിണർ	20101052011901393164 തീ:27.03.2021	67595	0	67595
	323/21 പി.എച്ച്.സി സബ് സെന്റർ കുഴൽകിണർ പദ്ധതി	20101052011901393205 തീ:27.03.2021	64646	0	64646
	406/21 പോത്തുപാറ അൽഫോൺസാ ജം കുഴൽകിണർ പദ്ധതി	20101052011901393209 തീ:27.03.2021	67595	0	67595
	401/21 പനംകുട്ടി വാൽവ് ഹൗസ് റോഡ് കുഴൽകിണർ പദ്ധതി	20101052011901393196 തീ:27.03.2021	114103	0	114103
	410/21 അമ്പിളികുന്ന് അംഗനവാടി മാൻകടവ് റോഡ് കുഴൽകിണർ പദ്ധതി	20101052011901393191 തീ:27.03.2021	67586	0	67586

	317/21 ബാലൻ പടി വീട് കുഴൽകിണർ പദ്ധതി	20101052011901393187 തീ:27.03.2021	65646	0	65646
	316/21 കുഞ്ചിതണ്ണി ടാങ്ക് കടി കുഴൽകിണർ പദ്ധതി	20101052011901393185 തീ:27.03.2021	114703	0	114703
	413/21 കത്തിപ്പാറ കോളനി കുഴൽകിണർ പദ്ധതി	20101052011901393182 തീ:27.03.2021	119703	0	119703
	200/21 മാൻകടവ് അംഗനവാടി കുഴൽകിണർ പദ്ധതി	20101052011901393177 തീ:27.03.2021	30000	0	30000
	190/21 കരിമ്പനയ്ക്കൽ പടി കുഴൽകിണർ പദ്ധതി	20101052011901393169 തീ:27.03.2021	114103	0	114103
	347/21 പനംകുട്ടി ഡബിൾ കട്ടിംഗ് കുഴൽകിണർ പദ്ധതി	20101052011901393199 തീ:27.03.2021	67595	0	67595
	350/21 പനംകുട്ടി വാൽവ് ഹൗസ് കുഴൽകിണർ പദ്ധതി	20101052011901393154 തീ:27.03.2021	100000	0	100000
	349/21 പനംകുട്ടി ഐ.ബി കുഴൽകിണർ പദ്ധതി	20101052011901393200 തീ:27.03.2021	119703	0	119703
	348/21 കല്ലാർകുട്ടി വർക്ക് ഷോപ്പ് കുഴൽകിണർ പദ്ധതി	20101052011901393201 തീ:27.03.2021	119703	0	119703
	144/21 നായ്ക്കുന്ന് ഷോപ്പ് കുഴൽകിണർ പദ്ധതി	20101052011901393159 തീ:27.03.2021	114103	0	114103

4-4 മോബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹10950000/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക ₹	തൻ വർഷ വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
					മുതൽ	പലിശ	
ഭവന വായ്പ (HUDCO)	ജി.ഒ.(എം.എസ്.) നം.110/2018 തീ.13.08.2018	33500000	10950000	31220588	2941921	0	39228667

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1	പ്രവർത്തനാവലോകനം	2013-14	5-3 (ബി)	വ്യവസായ തൊഴിൽ സംരംഭങ്ങൾ	തുടരുന്നു

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല -

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാധ്യത ₹	റിമാർക്സ്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക ₹	ഈടാക്കിയ തുക ₹			
1	2	3	4	5	6	7	8	9	10	11	12	13	14
1	1997-98	31 32 34 35	ശ്രീ. എം. റ്റി. രാജു സെക്രട്ടറി	എൽ.എഫ്. / 22660/ സ്പെ.സെൽ. /എസ്.സി./ 2/2001/ 23.10.02	13327		ഇല്ല					13327	
2	1999-00	24, 26 (1-7), 27,28	ശ്രീ. ബി. നോബർട്ട് സെക്രട്ടറി	എൽ.എഫ്./ 15632/ സ്പെ.സെൽ. /എസ്.സി./ 2/2002/ 21.02.03	10647		ഇല്ല					10647	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരുപ്പ്	₹16936878.00
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹125264313.50
ആകെ	₹142201191.50
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹114337381.50
നീക്കിയിരുപ്പ്	₹27863810.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹2943885.00

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

1-15	17101	ശ്രീ. ശ്രീധരൻ എ., സെക്രട്ടറി, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്
1-17	1430000	1100000/-ശ്രീ.സതീഷ്കുമാർ പി.കെ. സെക്രട്ടറി, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്
		330000/- ശ്രീ.ശ്രീധരൻ എ., സെക്രട്ടറി, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്
1-20	150000	ശ്രീ. ശ്രീധരൻ എ. സെക്രട്ടറി, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്
1-21	1346784	ശ്രീ.ഷാജി കെ.പി., അസിസ്റ്റന്റ് എഞ്ചിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹	സർക്കാർ
ഇല്ല		

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ശ്രീധരൻ എ., സെക്രട്ടറി	സെക്രട്ടറി, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്	ഗോകുലം വീട് കോടാവിളകം പി ഒ പാറശ്ശാല തിരുവനന്തപുരം
ശ്രീ. സതീഷ് കുമാർ പി.കെ., സെക്രട്ടറി	സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്	പുത്തൻപുരയ്ക്കൽ വീട് നേര്യമംഗലം പി ഒ നേര്യമംഗലം ഇടുക്കി ജില്ല
ശ്രീ. ഷാജി കെ.പി. അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, വെള്ളത്തൂവൽ	കരിമ്പനയ്ക്കൽ വീട് മുക്കടം പി.ഒ. ഇഞ്ചപ്പതാൽ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം	അവശേഷിക്കുന്ന ഖണ്ഡികകൾ
1982-1983	എൽ.എഫ്.ഐ.7/877/89/ 19.10.1988		
1984-1985	എൽ.എഫ്.ഐ.7/89/89/ 15.04.1989		
1985-1986 1985-1986	എൽ.എഫ്.ഐ.7/841/90/ 26.10.1990		
1986-1987	എൽ.എഫ്.ഐ.7/26/91/ 22.03.1991		
1996-1997	എൽ.എഫ്.ഐ.7/99/ 98/ 29.06.98	5	30,31,32,35,37
1997-1998	എൽ.എഫ്.ഐ.8/ 592/99/ 01.12.99	7	28,31,32, 34,35,36,38
1999-2000	എൽ.എഫ്.ഐ.8-508/2001/ 01.01.2002	4	21(2), 23, 24, 26,27,28

2001-02	എൽ.എഫ്.ഐ.8-289/2004/ 13.01.2005	1	13
2002-03	എൽ.എഫ്.ഐ.8-210/2005/ 10.08.2005	2	3-10 (എ)&(ബി), 3-11
2003-04	എൽ.എഫ്.ഐ. 7/632/2007/ 05.10.2007	1	3-3
2005-06	എൽ.എഫ്.ഐ. 7/83/2008/ 16.10.2008	1	3-5,3-7
2006-07	എൽ.എഫ്.ഐ.7/283/ 2010/29.06.10	18	2.1,2.2,2.3,2.4,2.5, 3.1,3.2,3.2(A),3.3, 3.4,3.5,3.6,3.7,3.8, 3.9,3.10,3.11,3.12,
2007-2008	എൽ..എഫ്.ഐ.11/960/10/ 14.10.11	19	2.1,2.2,2.3(A),2.4, 2.5,2.6,2.7(A)(B), 2.8,2.9, 3.1,3.2,3.3, 3.4,3.5,3.6,3.7,3.8,3.9,
2008-2009	എൽ.എഫ്.ഐ.11-1119/11/ 10.05.12	16	3.1,3.2,3.3,3.4,3.5, 3.6,3.7,3.8,3.9,3.10, 3.11,3.12,3.13,3.15, 3.16,3.17,(LV)
2009-2010	എൽ.എഫ്.ഐ.11/706/12/ 07.05.13	15	2.1,2.2,2.3, 3.1, 3.2, 3.3,3.4,3.5,3.5(2),3.6, 3.7,3.8,3.9,3.10,3.11
2010-2011	എൽ.എഫ്.ഐ.11/707/12/ 07.05.13	11	2.1,2.2,2.3,2.4, 3.1,3.2,3.3,3.4, 3.5,3.6, 3.7
2011-2012	എൽ.എഫ്.ഐ.11/739/13/ 08.10.13	5	3.1,3.3,3.6, 3.7,4.3(B)
2012-2013	എൽ.എഫ്.ഐ.11-1227/14/ 09.02.14	4	2.1,2.2, 3.1,3.2
2013-2014	എൽ.എഫ്.ഐ.11-647/15/ 27.10.15	9	2.1,2.2,2.3, 3.1, 3.2,3.3,3.4, 3.6,3.7,3.8
2014-2015	എൽ.എഫ്.ഐ.11-367/16/ 20.05.16	4	3.1, 3.9, 3.10, 3.11
2015-2016	കെഎസ്എ-ഐ.ഡി.കെ11-1535/16/ 24.11.2016	8	2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.5,
2016-2017	കെഎസ്എ-ഐ.ഡി.കെ11-994/17/ 27.07.17	13	2.1,2.2,2.3, 3.1,3.2, 3.3,3.5,3.6,3.7,3.8, 3.9,3.10,3.11
2017-18	കെഎസ്എ-ഐ.ഡി.കെ11-1402/2018/ 31.01.2019	13	2.1,2.2,2.3,2.4,2.5, 2.6 3.1,3.2,3.3, 3.4, 3.5,3.6, 3.7
2018-19	കെഎസ്എ-ഐ.ഡി.കെ.11-97/2019/ 20.11.2019	20	1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-34
2019-20	കെഎസ്എ-ഐ.ഡി.കെ-7/197/22 തീയതി 10.03.2022	44	1-1 മുതൽ 1-32 വരെ, 2-1, 4-1 മുതൽ 4-11 വരെ

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്